**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2134** **09-02-2023 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ചികിത്സ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ കാർഡിയോളജി യൂണിറ്റ്, കാത്ത് ലാബ്, നെഫ്രോളജി യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | **താലൂക്ക് ആശുപത്രിയുടെ സ്റ്റാൻഡൈഡേസേഷൻ മാർഗ്ഗരേഖ പ്രകാരം സൂപ്പർസ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, നെഫ്രോളജി ഉൾപ്പെടുന്നില്ല. ആർദ്രം മിഷന്റെ ഭാഗമായി ജില്ലകളിലെ തിരഞ്ഞെടുത്ത ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, നെഫ്രോളജി അടക്കമുള്ള സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. ജില്ലാതല ആശുപത്രിയായ കൊല്ലം ജില്ല ആശുപത്രിയിൽ ടി സേവനങ്ങൾ നൽകി വരുന്നു. നിലവിൽ കരുനാഗപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കാർഡിയോളജി യൂണിറ്റ്, കാത്ത് ലാബ്, നെഫ്രോളജി യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനുള്ള ഭൗതിക സാഹചര്യം നിലവിലില്ല.** |

സെക്ഷൻ ഓഫീസർ